**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ കത്ത്**

108 (4099) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ 15-10-2014-ലെ 46647/PRU2/2014/ധന.നമ്പർ കത്തിന്റെ സാരാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ കത്ത് ആർക്കാണ് അയച്ചിട്ടുള്ളത് ;

(സി) 15-10-2014-ലെ പ്രസ്തുത കത്തിന് ആധാരമായിട്ടുള്ള നിവേദനം/ കത്തിന്റെ സാരാംശവും പകർപ്പും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല എന്നതാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ 15-10-2014-ലെ 46647/പി.ആർ.യു.2/2014/ധന നമ്പർ കത്തിന്റെ സാരാംശം ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.

(ബി) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസിന്റെ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി ആയ ശ്രീ. എസ്. വിജയകുമാരൻ നായർക്കാണ് ഈ കത്ത് അയച്ചിട്ടുള്ളത്.

(സി) മുഴുവൻ സംസ്ഥാന ജീവനക്കാർക്കും 2014 ജൂലൈ മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ് 15-10-2014-ലെ സർക്കാർ കത്തിന് ആധാരമായിട്ടുള്ള നിവേദനത്തിന്റെ സാരാംശം. നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.

**ശമ്പള പരിഷ്കരണം**

109 (4100) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണ കമ്മീഷൻ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly